എ.ഡി. (1)4197/13.

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
പോസ്റ്റ് ബോക്സ് നമ്പർ- 5432
തീയതി . 09.09.2013

**<u>സർക്കുലർ നമ്പർ 12/13</u>**

വിഷയം - സഹകരണ ആഡിറ്റ് - സംഘാംഗങ്ങൾക്കുള്ള ആശ്വാസനിധിയിലേക്ക് അറ്റലാഭത്തിന്റെ 10% നീക്കിവെക്കുന്നത് സംബന്ധിച്ച്

സൂചന - 2013-ലെ സഹകരണ സംഘം ഭേദഗതി വകുപ്പ് 56 ഉപവകുപ്പ് (1)(സി)

2013 ഫെബ്രുവരി 14-ന് കേരള സഹകരണ സംഘം നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതിപ്രകാരം വകുപ്പ് 56 ഉപവകുപ്പ് (1)(സി) കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഉപവകുപ്പിൻപ്രകാരം സഹകരണ സംഘങ്ങൾ ലാഭവിഭജനം നടത്തുമ്പോൾ അറ്റലാഭത്തിൽ നിന്നും 10% തുക അംഗങ്ങളുടെ ആശ്വാസനിധിയിലേക്ക് (member relief fund) നീക്കിവെക്കേണ്ടതുണ്ട്. ഈ ഭേദഗതി വ്യവസ്ഥ ഏത് വർഷത്തെ ആഡിറ്റുകൾക്ക് ബാധകമാക്കണമെന്നതു സംബന്ധിച്ച് ആഡിറ്റർമാർക്ക് ആശയവ്യക്തത നൽകുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2012-13 സാമ്പത്തിക വർഷം മുതൽ ഈ ഫണ്ട് നിലവിൽ വരുന്നതാണ്.
2. കേരള സഹകരണ നിയമം വകുപ്പ് 56, ഉപവകുപ്പ് (1)(സി) പ്രകാരം സഹകരണ സംഘങ്ങളുടെ ലാഭവിഭജനം നടത്തുമ്പോൾ അറ്റലാഭത്തിന്റെ 10% തുക അംഗങ്ങളുടെ ആശ്വാസനിധിയിലേക്ക് വകമാറ്റുന്നു എന്ന് ആഡിറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്.
3. 2012-13 വർഷത്തെ ആഡിറ്റ് മുതൽ മേൽപറഞ്ഞ ഭേദഗതി പ്രകാരമുള്ള തുക അംഗങ്ങളുടെ ആശ്വാസനിധിയിലേക്ക് നീക്കിവെച്ചു എന്ന് ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു നൽകുന്ന ജോയിന്റ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
4. ജോയിന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ ആഡിറ്റർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
വി. സനൽകുമാർ ഐ.എ.എസ്.
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ് -

1. സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
4. അഡീഷണൽ ഡയറക്ടർ/സമകാല ആഡിറ്റർ, കൺസ്യൂമർഫെഡ്
5. ജോയിന്റ് ഡയറക്ടർ/സമകാല ആഡിറ്റർ, എല്ലാ ജില്ലാസഹകരണ ബാങ്കുകളും
6. ജോയിന്റ് ഡയറക്ടർ/സമകാല ആഡിറ്റർ, KSCB, KSCARDB, Hantex
7. ഡെപ്യൂട്ടി ഡയറക്ടർ/സമകാല ആഡിറ്റർ, KCMMF, Housefed, ദിനേശ് ബീഡി സെൻട്രൽ സൊസൈറ്റി, Rubber mark.
8. അഡീഷണൽ ഡയറക്ടർ/സമകാല ആഡിറ്റർ, മാർക്കറ്റ്ഫെഡ്, കേരഫെഡ്, കയർഫെഡ്, മത്സ്യഫെഡ്, റബ്കോ, റെയ്ഡ്കോ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ